കളുടെ നിശ്ചയിക്കപ്പെട്ട സംഖ്യാ തലത്തിൽ ഒഴിവു വരുന്ന മുറയ്ക്ക് സ്ഥിരം തൊഴിലാളികളായി നിയമനം ലഭിക്കാൻ അർഹതയുണ്ട്. ഇതനുസരിച്ചുള്ള നടപടികൾ കൈക്കൊണ്ടുവരികയാണ്.

(ബി) ഉണ്ട്.

(സി)&(ഡി) മുകളിൽ (എ) വിഭാഗത്തിനെതിരെ വിവരിച്ചിട്ടുള്ളതു പോലെ നടപടികൾ കൈക്കൊണ്ടുവരികയാണ്.

ഫാം തൊഴിലാളികളുടെ ശമ്പള പരിഷ്ക്കരണം

146(1975) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ഫാമുകളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ശമ്പള പരിഷ്കരണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ നടപടികൾ ഏതു ഘട്ടംവരെയായെന്ന് വിശദമാക്കുമോ;

(സി) ശമ്പള പരിഷ്കരണത്തിന് കാലതാമസം വരുന്നതായ പരാതിയൂണിയനുകൾ നൽകിയിട്ടുണ്ടോ;

(ഡി) എങ്കിൽ അടിയന്തിരമായി ശമ്പള പരിഷ്കരണം നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതു സംബന്ധിച്ച് നിയോഗിച്ച സമിതിയുടെ റിപ്പോർട്ടിലെ ശുപാർശകൾ മന്ത്രിമാരുടെ പരിഗണനയിലാണ്.

(സി) ഉണ്ട്. ശുപാർശകൾ പരിശോധിച്ച് തീരുമാനമെടുക്കാൻ ആവശ്യമായ കാലതാമസം മാത്രമാണുണ്ടായിട്ടുള്ളത്.

(ഡി) നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

പുറംബണ്ട് നിർമ്മാണച്ചെലവ് നൽകാൻ നടപടി

147(1976) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കല്ലറ കൃഷി ഭവന്റെ കീഴിലുള്ള പാടശേഖരങ്ങളിൽ കഴിഞ്ഞവർഷം വെള്ളപ്പൊക്കത്തെ തുടർന്ന് പുറംബണ്ട് മുറിഞ്ഞ് മട വീണ് കൃഷി നശിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ പാടശേഖരങ്ങളിലാണ് കൃഷി നശിച്ചുവെന്നത് വെളിപ്പെടുത്തുമോ;

(സി) പാടശേഖരസമിതി അവിടെ മട വീണ്ടും നിർമ്മിച്ചോ; എങ്കിൽ ഇത് കൃഷി വകുപ്പിന്റെ എസ്റ്റിമേറ്റ് പ്രകാരമായിരുന്നുവോ;

(ഡി) സമിതികൾക്ക് ചെലവായതു തിരികെ നൽകുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ്;

LIBRARY ARCHIVES Kerala Legislative Assembly